# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/46/2017 പത്രക്കുറിപ്പ് 2017 മാർച്ച് 2

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ ( പുതിയ സ്‌കീം-2016 അഡ്മിഷൻ റഗുലർ/ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് എക്‌സാമിനേഷൻ ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2014-2015 അഡ്മിഷൻ സപ്ലിമെന്ററി/പഴയ സ്‌കീം/2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 29 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 13 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.എച്ച്.എ (പുതിയ സ്‌കീം-2016 അഡ്മിഷൻ റഗുലർ/2011 - 2015 അഡ്മിഷൻ സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ എം.പി.എച്ച് (2016 അഡ്മിഷൻ റഗുലർ & 2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 31 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 13 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ്(2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രിപരീക്ഷകൾ മാർച്ച് 22 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ് (2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സിചാൻസ്) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം. അപേക്ഷകർ ഒരു പേപ്പറിന് 20 രൂപ (പരമാവധി 100) സി.വി. ക്യാമ്പ് ഫീസായി നിശ്ചിത പരിക്ഷാഫീസിനു പുറമേ അടക്കണം. ഡൗൺലോഡ് ചെയ്ത അപേക്ഷകൾക്ക് 20 രൂപ ഫോമിന്റെ വിലയായി അടക്കണം. നാലാം സെമസ്റ്റർ മേഴ്‌സിചാൻസ് പരിക്ഷകൾക്ക് സ്‌പെഷ്യൽ ഫീസായി 5000 രൂപ നിശ്ചിത പരീക്ഷാഫീസിനും, സി.വി. ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പ്രാക്ടിക്കൽ പരീക്ഷ**

അഫിലിയേറ്റഡ് കോളേജുകളിലെ 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.ജെ (സി.എസ്.എസ്-റഗുലർ /സപ്ലിമെന്ററി/ഇംപ്രൂവ്‌മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 6 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ യൂണിവേഴ്‌സിറ്റി വെബ്ബ്‌സൈറ്റിൽ ലഭ്യമാണ്.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ പ്രിന്റ് & ഇലക്‌ട്രോണിക് ജേർണലിസം ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 13 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ യൂണിവേഴ്‌സിറ്റി വെബ്ബ്‌സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എം.പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്-റഗുലർ/ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹിന്ദുകോളേജിലെ അശ്വതി. എ.കെ ഒന്നാം സ്ഥാനവും, പാല സെന്റ് തോമസ് കോളേജിലെ നിരുപമ എലിസബത്ത്.കെ, ദിവ്യമോൾ. എം. വി എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും നേടി. സൂക്ഷ്മപരി ശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 15 വരെ സ്വീകരിക്കും.

2016 /ഡിസംബറിൽ നടത്തിയ ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സര-റഗുലർ/സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 13 വരെ സ്വീകരിക്കും. പൂത്തോട്ട ശ്രീനാരായണ ലോ കോളേജിലെ നവ്യാ മേനോൻ (2639/3700) ഒന്നാം റാങ്കും, എറണാകുളം ഗവ : ലോ കോളേജിലെ അപർണ ഉദയകുമാർ (2483/3700) രണ്ടാം റാങ്കും, കാവ്യാ സോമൻ (2478/3700) മൂന്നാം റാങ്കും നേടി.

2016 /ഡിസംബറിൽ നടത്തിയ പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സര-സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 16 വരെ സ്വീകരിക്കും.

**പുനർമൂല്യനിർണയഫലം**

2015 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധപ്പെടുത്തി. ഫലം സർവ്വകലാശാലാ വെബ്ബ്‌സൈറ്റിൽ ലഭ്യമാണ്. മാർക്ക്

വ്യത്യാസമുള്ള വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത റീവാല്യൂവേഷൻ മെമ്മോയുടെ കോപ്പി പുതിയ പരീക്ഷഭവനിലെ റീവാല്യൂവേഷൻ സെക്ഷനിൽ എത്തിക്കണം.

**ഡി.വിനയചന്ദ്രൻ അനുസ്മരണം.**

മഹാത്മാഗാന്ധി സർവ്വകലാശാല സ്‌കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിക്കുന്ന ഡി.വിനയചന്ദ്രൻ അനുസ്മരണ പ്രഭാഷണ പരമ്പരയുടെ സമാപന സമ്മേളനം ഇന്ന് (മാർച്ച് 3) രാവിലെ 10.00 മണിക്ക് സക്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. സാവിത്രി രാജീവൻ പ്രഭാഷണം നടത്തും. തുടർന്ന് ഡോ : വി. സി. ഹാരീസ് സംവിധാനം നിർവ്വഹിച്ച 'ഞാനും ഞാനും' എന്ന നാടകം അവതരിപ്പിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**